# ഐ.ഡി.എസ്.എഫ്.എഫ്.കെ; നഗരങ്ങളിലെ ജീവിതക്കാഴ്ചകളുമായി 10 ഹ്രസ്വചിത്രങ്ങൾ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി  2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16മത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ നഗരങ്ങളിലെ ജീവിതക്കാഴ്ചകൾ പകർത്തുന്ന 10 ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കും. പ്രശസ്ത വാസ്തുശിൽപ്പിയും നഗരാസൂത്രകനുമായ ചാൾസ് കൊറിയയുടെ പേരിലുള്ള ഫൗണ്ടേഷൻ നടത്തിവരുന്ന നഗരി ഹ്രസ്വചിത്രമൽസരങ്ങളുടെ പല പതിപ്പുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവയാണ് ഇവ. ഹ്രസ്വചിത്രങ്ങളുടെ പ്രദർശനത്തിനുശേഷം പാനൽ ഡിസ്കഷനും ഉണ്ടായിരിക്കുന്നതാണ്. ഡോക്യുമെന്ററി സംവിധായകരായ സഞ്ജീവ് ഷാ, അർജ്ജുൻ ഗൗരിസാരിയ, ജതിൻ പ്രവീൺ, പ്രാചീ ബജാനിയ എന്നിവർ ചർച്ചയിൽ പങ്കെടുക്കും.

ഇന്ത്യൻ നഗരങ്ങളിലെ മനുഷ്യാവസ്ഥകളിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ പാക്കേജിന്റെ ലക്ഷ്യം. ചലച്ചിത്രകാരർ, വാസ്തുശിൽപ്പികൾ, നഗരാസൂത്രകർ, സാമൂഹിക ശാസ്ത്രജ്ഞർ എന്നിവർ ഒരുമിച്ചുകൊണ്ട് നഗരകേന്ദ്രിതമായ പ്രശ്നങ്ങളെ ജനശ്രദ്ധയിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ചാൾസ് കൊറിയ ഫൗണ്ടേഷൻ നഗരി ഹ്രസ്വചിത്രമൽസരം നടത്തുന്നത്. എ സിറ്റി വിത്തിൻ എ സിറ്റി, ബിയോണ്ട് ഫോർ വാൾസ്,ഉഡ്ത ബനാറസ്, ദാരുഡി, താൽ ബേതാൾ, ആൾ ഡേ ആന്റ് ഓൾ ഓഫ് ദ നൈറ്റ്, പൈപ്പ് ഡ്രീം, എ വർക്ക് ഇൻ പ്രോഗ്രസ്, ഹസ്രതേം ബസ്ദ്, ജങ്ക്-ഇ എന്നീ ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. കുടിവെള്ളം, ജലവിതരണം, നിർമ്മാണരംഗത്തെ മാലിന്യം, ഇ-മാലിന്യം തുടങ്ങിയ വിവിധ പ്രശ്നങ്ങളെ തീക്ഷ്ണമായി ആവിഷ്കരിക്കുന്ന ഈ ചിത്രങ്ങൾ.
തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ ഡോക്യുമെന്ററി, ഹ്രസ്വചിത്ര വിഭാഗങ്ങളിലുൾപ്പെടുന്ന 300 ലധികം ചിത്രങ്ങൾ പ്രദർശിപ്പിക്കും.